(സി) ഒന്നാം വാല്യം പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30-10-2015-നകം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുള്ളപക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 7-12-2015-നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്.

(ഡി) അർദ്ധവാർഷിക പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ അച്ചടിച്ച വകയിൽ ഗവൺമെന്റ് പ്രസ്സിനും സ്വകാര്യ പ്രസ്സുകൾക്കും കുടിശ്ശിക നൽകുവാനുണ്ട്. കഴിഞ്ഞ ഒന്നാം പാദവാർഷിക പരീക്ഷയ്ക്ക് മതിയായ എണ്ണം ചോദ്യപേപ്പർ അച്ചടിച്ച് സ്കൂളുകൾക്ക് നൽകുന്നതിന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതല പെടുത്തുകയും ആവശ്യാനുസരണം ചോദ്യപേപ്പർ അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ചോദ്യപേപ്പർ തികയാതെ വന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) അവലംഭാവം ഉണ്ടായിട്ടില്ല.

ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

89 (1166) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിദ്യാലയങ്ങളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും ഈ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ആവശ്യമായ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഏജൻസി ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly